പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1810 05.02.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സിയിൽ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ നിയമനം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ എന്നീ തസ്തികകളിൽ ഇതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക്പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സിയിൽ റിസർവ്വ് ഡ്രൈവർ തസ്തികയിലേയ്ക്ക് 4922 ഉദ്യോഗാർത്ഥികൾക്കും, റിസർവ്വ് കണ്ടക്ടർ തസ്തികയിലേയ്ക്ക് 13563 ഉദ്യോഗാർത്ഥികൾക്കും പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടുണ്ട്. ഇതിൽ റിസർവ്വ് കണ്ടക്ടർ തസ്തികയിലെ 110 ഉദ്യോഗാർത്ഥികളുടെ നിയമനം വിവിധ കാരണങ്ങളാൽ പി.എസ്.സി. തടയുകയുണ്ടായി. |
| (ബി) | എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതുവരെയായി നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; വെളിപ്പെടുത്താമോ; | (ബി) | 05.09.2013 മുതൽ 31.12.2016 വരെ കണ്ടക്ടർ തസ്തികയിൽ പി.എസ്.സി നിയമന ശിപാർശ നൽകിയ 13,453 പേർക്കും കെ.എസ്.ആർ.ടി.സി. നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പി.എസ്.സി. നിയമന ശിപാർശ നൽകിയ, എന്നാൽ പി.എസ്.സി. തന്നെ വിവിധ കാരണങ്ങളാൽ കണ്ടക്ടർ തസ്തികയിൽ നിയമനം തടഞ്ഞു വച്ചിരിക്കുന്ന 110 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല. ഡ്രൈവർ തസ്തികയിൽ |

| | | | |
|---|---|---|---|
| | | | 26.02.2013 മുതൽ 08.08.2017 തീയതി വരെ പി.എസ്.സി 4,922 പേരെ വിവിധ തീയതികളിൽ അഡ്വൈസ് ചെയ്യുകയും അതിൻ പ്രകാരം സമയബന്ധിതമായി മേൽപ്പടി നിയമന ശുപാർശ ലഭിച്ചവർക്ക് കെ.എസ്.ആർ.ടി.സി. നിയമനം നൽകുക യും ചെയ്തിട്ടുണ്ട്. |
| (സി) | എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോ ഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കണ്ടക്ടർ, ഡ്രൈവർ തസ്തികയിലെ ഒഴിവ് നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**